വാണിജ്യനികുതി കാര്യാലയം

സുഹൃത്തേ,

വിഷയം : നികുതി കുടിശ്ശിക തീർപ്പാക്കൽ യജ്ഞം

വ്യാപാരിവ്യവസായികളുടെ നിരന്തര അഭ്യർത്ഥന പരിഗണിച്ച് കേരള സർക്കാർ ആവിഷ്കരിച്ച നികുതി കുടിശ്ശിക നിർമ്മാർജ്ജന യജ്ഞം താങ്കൾ ഇതിനകം അറിഞ്ഞിരിക്കുമല്ലോ! വിൽപനനികുതി, കേന്ദ്രവിൽപന നികുതി, കാർഷികാദായനികുതി, ആഡംബരനികുതി എന്നീ നിയമപ്രകാരം 2004–05 വർഷം വരെയുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കാവുന്നതാണ്.

- 1990–91 വർഷം വരെയുള്ള കുടിശ്ശിക, മുതൽ സംഖ്യയുടെ 75 ശതമാനം മാത്രം നൽകി തീർപ്പാക്കാവുന്നതാണ്. പലിശ, പിഴ, പിഴപലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

- 1991–92 മുതൽ 1995–96 വർഷം വരെയുള്ള കുടിശ്ശിക മുതൽസംഖ്യ മാത്രം നൽകി തീർപ്പാക്കാവുന്നതാണ്. പലിശ, പിഴ, പിഴപലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

- 1996–97 മുതൽ 1999–2000 വർഷം വരെയുള്ള കുടിശ്ശിക മുതൽസംഖ്യ പൂർണ്ണമായും അടച്ചാൽ, പലിശ, പിഴ, പിഴ പലിശ എന്നിവയുടെ 5 ശതമാനം മാത്രം നൽകി തീർപ്പാക്കാവുന്നതാണ്.

- 2000–01 മുതൽ 2004–05 വർഷം വരെയുള്ള കുടിശ്ശിക മുതൽസംഖ്യ പൂർണ്ണമായും അടച്ചാൽ, പലിശ, പിഴ, പിഴ പലിശ എന്നിവയുടെ 10 ശതമാനം മാത്രം നൽകി തീർപ്പാക്കാവുന്നതാണ്.

ഈ സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാണിജ്യനികുതി ഓഫീസർ**
**വാണിജ്യനികുതി വകുപ്പ്.**

# കുറിപ്പ്

1. ഇതോടൊപ്പമുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് ജൂൺ 30 ന് മുമ്പായി താങ്കളുടെ വാണിജ്യനികുതി ആഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

2. പ്രസ്തുത കാലയളവിലെ നികുതി നിർണ്ണയങ്ങൾ 1-4-2005 ന് ശേഷം പൂർത്തീകരിച്ചതാണെങ്കിലും ഈ ആനുകൂല്യത്തിനർഹതയുണ്ടായിരിക്കും.
3. റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ള കുടിശ്ശികയും ഈ ആനുകൂല്യത്തിനർഹമാണ്.

4. റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ള കേസ്സുകളിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതല്ല.

5. അപേക്ഷ നൽകികഴിഞ്ഞാൽ വാണിജ്യനികുതി ആഫീസിൽ നിന്നും ലഭിക്കുന്ന അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ 25 ശതമാനം 15 ദിവസത്തിനകവും ബാക്കി തുക മൂന്ന് തുല്യമാസ തവണകളായും നൽകേണ്ടതാണ്.

6. അപ്പീൽ, റിവിഷൻ, കോടതി വ്യവഹാരം എന്നിവ നിലവിലുള്ള കേസുകളിൽ ഈ ആനുകൂല്യം ലഭിക്കുന്നതിന് പ്രസ്തുത കേസുകൾ താങ്കൾ നിരുപാധികം പിൻവലിക്കേണ്ടതാകുന്നു.

7. അനുമതിപത്രം ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത കേസുകൾ നിരുപാധികം പിൻവലിച്ചതായുള്ള രേഖകളും അനുമതിപത്രത്തിൽ രേഖപ്പെടുത്തിയ തുകയുടെ 25 ശതമാനവും 15 ദിവസത്തിനകം നല്കേണ്ടതാണ്. ബാക്കി തുക തൊട്ടടുത്ത മാസം മുതൽ മൂന്നു തുല്യമാസ തവണകളായും അടയ്ക്കേണ്ടതാണ്.

- ❖ റവന്യൂ റിക്കവറി നടപടിപ്രകാരം സ്ഥാവര ജംഗമ വസ്തുക്കളിന്മേൽ ജപ്തി നിലവിലുള്ള കേസുകൾ, ജപ്തി വിധേയമായ വസ്തു വകകളുടെ വിലയേക്കാൾ കുറഞ്ഞ തുകയ്ക്ക് ഈ പദ്ധതിയിലൂടെ തീർപ്പാക്കാവുന്നതല്ല.
- ❖ 1.4.2008 മുതൽ വിൽപനനികുതി നിയമം 17 ഡി വകുപ്പ് അനുശാസിക്കുന്ന ആനുകൂല്യങ്ങൾ നേടി തീർപ്പാക്കുന്ന കേസുകളിലെ കുടിശ്ശികയ്ക്ക് ഈ പദ്ധതി ബാധകമല്ല.
- ❖ ചരക്കുവാഹന പരിശോധന സംബന്ധമായ ക്രമക്കേടുകൾക്ക് വസൂലാക്കിയ പിഴ കുടിശ്ശികയ്ക്ക് ഈ പദ്ധതി ബാധകമല്ല.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ (ടോൾ ഫ്രീ) 18004254777
മൊബൈൽ നമ്പർ - 9446505527

www.keralataxes.in

**!!! സുസ്ഥിരമായ സാമ്പത്തിക ഭദ്രതയ്ക്ക് ഒരുമിച്ച് കൈകോർക്കാം !!!**